പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 277 22.02. 2016- ലെ മറുപടി

**വിദേശരാജ്യങ്ങളിൽ തടവിലാക്കപ്പെട്ട മലയാളികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ എത്രപേരുണ്ടെന്നും അവർ ഏതെല്ലാം രാജ്യങ്ങളിലാണെന്നും അറിയാമോ; വ്യക്തമാക്കുമോ; | എ) വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ ഇന്ത്യൻ എംബസി മുഖേന ഇവരുടെ വിവരങ്ങൾ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| ബി) ഇവരുടെ മോചനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | ബി) വിദേശ രാജ്യങ്ങളിൽ വിവിധ സാഹചര്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന പ്രവാസീ മലയാളികളെ സംബന്ധിച്ച വിവരങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ, പ്രവാസി സംഘടനകളിൽ നിന്നോ മറ്റ് മാധ്യമങ്ങളിലൂടെയോ നോർക്ക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ ഇക്കാര്യം ബന്ധപ്പെട്ട എംബസ്സിയുടെ ശ്രദ്ധയിൽ കൊണ്ട് വന്ന് നിയമ സഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകി ജയിൽ മോചിതരാക്കുന്നതിനും, തിരികെ നാട്ടിലെത്തിക്കുന്നതിനും സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിനു പുറമേ, തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം |

മറുപുറം ——▶▶

നൽകുന്നതിനും, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ സഹായം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും, ആവശ്യമായ വാഹന ചെലവും മറ്റും വഹിക്കുന്നതിലേയ്ക്കായി പ്രവാസി നിയമസഹായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| സി)ജയിലിൽ കഴിഞ്ഞ എത്ര പേരെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മോചിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | സി) ജയിൽ മോചിതരായി തിരികെയെത്തുന്നവരോ അവരുടെ കുടുംബാംഗങ്ങളോ പ്രസ്തുത വിവരം സർക്കാരിൽ ലഭ്യമാക്കാത്തതിനാൽ ജയിൽ മോചിതരായി തിരികെയെത്തുന്നവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല. എന്നാൽ നോർക്ക – റൂട്ട്സ് മുഖേന 3 പേരെ ജയിൽ മോചിതരാക്കി തിരികെ നാട്ടിലെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ